# മരുഭൂമിയിലെ മരുപ്പച്ച

● ഷെമി കളമശ്ശേരി



നമ്മോട് സംസാരിച്ചുകൊണ്ടിരിക്കുക, നമ്മളത് കേൾക്കുക എന്നതിൽ നിന്ന് കേൾവിക്കാരനും പറയാനുള്ള അവസരം നൽകുക എന്ന ഒരു മാറ്റം വളരെ അടുത്തകാലത്തായിട്ടാണ് റേഡിയോ പരിപാടികളുടെ പ്രത്യേകതയായത്. നന്മ ഉള്ളിൽ സൂക്ഷിക്കുന്നവരുടെ ഒരു കൂട്ടായ്മക്കും അതുവഴി ഒരുപാട് പേരിലേക്ക് സഹായഹസ്തങ്ങൾ നീണ്ടുചെല്ലാനും റേഡിയോ ഒരു നിമിത്തമായി. അത്തരമൊരു മറുനാടൻ അനുഭവം പങ്കുവെക്കുകയാണ് ലേഖിക.

ശ്രദ്ധേയമായ പരിപാടികൾ അവതരിപ്പിക്കുന്നതിൽ എന്നും മുന്നിലായിരുന്നു യു.എ.ഇയിലെ റേഡിയോ ഏഷ്യ. യു.എ.ഇ യിൽ മാത്രമല്ല മറ്റ് ഗൾഫ് രാജ്യങ്ങളായ ഒമാൻ, ഖത്തർ, സൗദി അറേബ്യ എന്നിവിടങ്ങളിലും റേഡിയോ ഏഷ്യക്കു ശ്രോതാക്കളുണ്ട്.

വളരെ യാദൃശ്ചികമായിട്ടായിരുന്നു റേഡിയോ ഏഷ്യയുമായി സഹകരിക്കാൻ അവസരം ലഭിച്ചത്. പന്ത്രണ്ട് വർഷമായി ഭർത്താവിനും കുട്ടികൾക്കും ഒപ്പം യു.എ.ഇയിലെ അജ്മാനിലായിരുന്നു.റേഡിയോയിലെ മിക്കവാറും എല്ലാ പരിപാടികളും കേൾക്കുകയും സമകാലിക വിഷയങ്ങളിൽ റേഡിയോ ചർച്ചകളിൽ പങ്കെടുക്കുകയും ചെയ്തിരുന്നു.

'ടുഡേയ്സ് ടോപ്സ് സ്റ്റോറീസ്' എന്ന ശ്രദ്ധേയമായ ഒരു പരിപാടിയുമായി റേഡിയോ ഏഷ്യ രംഗത്തു വന്നപ്പോൾ അതിനെ പ്രവാസി സമൂഹം നെഞ്ചേറ്റുവാങ്ങി. ചരിത്രത്തിലാദ്യമായി സേവന രംഗത്ത് ഒരു പുത്തൻ മാതൃകയാവുകയായിരുന്നു ഈ പരിപാടിയിലൂടെ 'റേഡിയോ ഏഷ്യ'.

സേവനപ്രവർത്തനത്തിന്റെ ഭാഗമായി ഭർത്താവ് ആദമിനോടും കൂട്ടുകാരി ആരിഫയോടും ഒപ്പം അജ്മാൻ ഖലീഫാ ഹോസ്പിറ്റലിലെ വാർഡ് സന്ദർശിക്കവെ പുരുഷന്മാരുടെ വാർഡിൽ നിന്നാണ് തിരുവനന്തപുരത്തുകാരനായ വിജയകുമാറിനെ എന്റെ ഭർത്താവ് കാണുന്നത്. അറബി വീട്ടിൽ കുക്കായി ജോലി ചെയ്യുകയായിരുന്ന അയാൾ, പെട്ടെന്നൊരു ദിവസം പ്രഷറും ഷുഗറും പ്രമേഹവും വർധിച്ച് ഒരുവശം തളർന്ന നിലയിൽ ഹോസ്പിറ്റലിൽ എത്തിച്ചതാണ്. നാട്ടിലേക്ക് പോകാനുള്ള ടിക്കറ്റ്, നാട്ടിലെത്തിയാൽ ചികിത്സിക്കാനുള്ള പണം, മക്കളുടെ വിദ്യാഭ്യാസം, ഓരോരോ പ്രശ്നങ്ങളോർത്ത് ഏങ്ങിക്കരയുകയാണ് വിജയകുമാർ. അദ്ദേഹത്തെ എങ്ങനെ സമാധാനിപ്പിക്കണം എന്നറിയാതെ, എല്ലാത്തിനും പരിഹാരം കാണാം എന്നു പറയുമ്പോൾ ഞാൻ ഒരിക്കലും കരുതിയില്ല റേഡിയോ ഏഷ്യ അദ്ദേഹത്തിന്റെ പ്രശ്നപരിഹാരത്തിന് ഒരു നിമിത്തമാകുമെന്ന്. ഹോസ്പിറ്റലിൽ നിന്ന് ഇറങ്ങിയ ഉടനെ ഈ വിവരങ്ങൾ അറിയിച്ച് റേഡിയോ ഏഷ്യയിലേക്ക് ഫാക്സ് ചെയ്തു. പിറ്റേ ദിവസം ന്യൂസ് റീഡർ ഹിഷാം അബ്ദുൽ സലാമിന്റെ ഫോൺ വന്നു. എന്താണ് പ്രശ്നം? ആരാണ് വിജയകുമാർ, എങ്ങനെ അയാളെ കണ്ടു? ഇതൊക്കെ തിരക്കിയ ശേഷം, ഇന്ന് രാത്രി അവതരിപ്പിക്കുന്ന തത്സമയ പരിപാടിയിൽ ഈ പ്രശ്നം അവതരിപ്പിക്കണമെന്ന് പറഞ്ഞു.

വിജയകുമാറിന്റെ പ്രശ്നം റേഡിയോയിൽ അവതരിപ്പിച്ചപ്പോൾ പ്രവാസി സമൂഹം അതിനോട് പ്രതികരിച്ചത് വളരെ അനുകൂലമായിട്ടായിരുന്നു. തന്നെയുമല്ല ഒരു മുസ്‌ലിം സ്ത്രീ, അന്യനും അമുസ്‌ലിമും ആയ ഒരു പുരുഷന്റെ ജീവനുവേണ്ടി സമൂഹത്തോട് സഹായത്തിനായി കേഴുന്ന അനുഭവം അവരിൽ മതിപ്പുണ്ടാക്കി. അന്ന് ഓരോരുത്തരായി സ്പോൺസർ ചെയ്ത തുക ഉപയോഗിച്ച് വിജയകുമാറിനെ നാട്ടിലെത്തിച്ച് ചികിത്സിച്ചു. രോഗം ഭേദമായ അദ്ദേഹം തിരിച്ച് ഗൾഫിലെത്തി യു.എ.ഇയിൽ ജോലി ചെയ്യുന്നു. അതിനുശേഷം എത്രയോ പേർക്കുവേണ്ടി, കെട്ടിടത്തിനു മുകളിൽ നിന്നു വീണ് നട്ടെല്ലിനു പരിക്കു പറ്റിയ ഷിജി, കാൻസർ രോഗിയായ രാമകൃഷ്ണൻ നായർ, ഫിലോമിന, ഫാത്തിമ... ഇങ്ങനെ പേര് ഓർമയില്ലാത്ത എത്രയോ പേർക്ക് തണലേകാൻ റേഡിയോ ഏഷ്യയിലെ ഈ പരിപാടി മുഖേന കഴിഞ്ഞു.

ഇങ്ങനെയുള്ള എല്ലാ സേവന പ്രവർത്തനത്തിലും എന്നെ എല്ലാ അർത്ഥത്തിലും സഹായിച്ച സ്നേഹനിധിയായ എന്റെ ഭർത്താവ് പ്രവാസികൾക്കിടയിലും നാട്ടിലും സേവനപ്രവർത്തനത്തിൽ മുഴുകിയിരിക്കെ അല്ലാഹുവിലേക്ക് മടങ്ങിയത് ഇന്നും ഒരു സ്വപ്നം പോലെ വിശ്വസിക്കാനാവാത്ത ഞാൻ, നാഥാ നിന്റെ സന്നിധിയിൽ നീ ഞങ്ങളെ ഒരുമിപ്പിച്ച് കൂട്ടണേ എന്ന പ്രാർത്ഥന മാത്രമായി നാട്ടിലേക്ക് തിരിക്കുമ്പോൾ ഈ പരിപാടിയുടെ കളക്ഷൻ ഉൾപ്പെടെയുള്ള എല്ലാ കാര്യങ്ങളും ഷാർജ, അബൂദാബി, ദുബായ്, ഷാർജ, റാസൽഖൈമ തുടങ്ങിയ ഗൾഫ് രാജ്യങ്ങളിലെല്ലാം വേരുകളുള്ള കെ.വൈ.സി.സി പ്രവർത്തകർക്ക് ഏൽപിച്ചുകൊടുത്തു. അവർ ഇന്നും അതിന്റെ പ്രവർത്തനങ്ങൾ വളരെ ഭംഗിയായി തുടർന്നുപോകുന്നു. സഹജീവിയുടെ പ്രശ്നങ്ങളിൽ തന്നെക്കൊണ്ടാവും വിധം താങ്ങാകുവാൻ ഓരോ പ്രവാസിയും ശ്രമിക്കുന്നു. ഒപ്പം നിരാലംബർക്ക് വെളിച്ചമേകിക്കൊണ്ട് നന്മയുടെ ഒരു കൈത്തിരി നാളമാകുവാൻ റേഡിയോ ഏഷ്യയും അവരോടൊപ്പമുണ്ട്.